(ബി) ഇവ ഓരോന്നിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനകം നടപ്പിലാക്കിയതിന്റെ വിശദവിവരവും അറിയിക്കുമോ?

ഉത്തരം

(എ) 11 ഐ.എച്ച്.ഡി.പി കോളനികൾ.

(ബി) പ്രസ്തുത കോളനികളിൽ ആക്ഷൻ പ്ലാൻ അനുസരിച്ച് റോഡ്, വൈദ്യുതി, കാർഷിക വികസനം, മൃഗസംരക്ഷണം എന്നീ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓരോ കോളനിയിലും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെയും, നടപ്പിലാക്കിയ പദ്ധതികളുടെയും വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഹരിജൻ കോളനിയിൽ വൈദ്യുതി കണക്ഷൻ ലഭിക്കാൻ നടപടി

17(800) ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡ് കൊളോറമല ഹരിജൻ കോളനിയിൽ വൈദ്യുതി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി കോളനി വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് നിവേദനം പേരാമ്പ്ര ഗ്രാമപഞ്ചായത്തിനു കോഴിക്കോട് ജില്ലാ പട്ടിക ജാതി വികസന ഓഫീസർ അയച്ചുകൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ കോളനി വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തവരുടെ പുനർനിയമനം

18(801) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി വർഷത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര വികലാംഗ ജീവനക്കാരാണ് ജോലി ചെയ്തിരുന്നത് എന്നറിയിക്കുമോ;

(ബി) ജോലിയിൽനിന്നും വിടുതൽ ചെയ്തതിനുശേഷം എത്ര പേരാണ് പുനർനിയമനത്തിന് അപേക്ഷിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) ഇവരിൽ എത്ര പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly